# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1971 10.03.2020-ൽ മറുപടിക്ക്

## <u>പുരാവസ്തു അവശേഷിപ്പുകൾ കണ്ടെത്തുന്നതിന് നടപടി</u>

**ചോദ്യം**

ശ്രീ.വി. ജോയി

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പുരാവസ്തു അവശേഷിപ്പുകൾ തെരയുന്നതിനും കണ്ടെത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് പുരാവസ്തുക്കൾ വെളിപ്പെട്ടതായി ശ്രദ്ധയിൽ പെട്ടാൽ പ്രസ്തുത സ്ഥലത്താണ് പുരാവസ്തു വകുപ്പ് പ്രാഥമിക പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നത്. പുരാതത്വപരമായി പ്രാധാന്യമുള്ള പ്രദേശമാണെന്ന് പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം പ്രദേശത്ത് ഉപരിതല സർവ്വേ നടത്തുകയും ഇത്തരം സർവേയിൽ നിന്നും ലഭിക്കുന്ന തെളിവുകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ഉത്ഖനനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | പുരാവസ്തു അവശേഷിപ്പുകൾ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും എത്ര പേർ സർക്കാരിൽ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് പുരാവസ്തുക്കൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസരത്തിൽ പുരാവസ്തു വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരെ അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിലേക്ക് നിയോഗിക്കുന്നു. പ്രധാനമായും സംസ്ഥാന പുരാവസ്തുവകുപ്പിലെ വിവിധ സാങ്കേതിക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന 15 ജീവനക്കാരെയാണ് ഇതിനായി നിയോഗിക്കാറുള്ളത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുരാവസ്തു അവശേഷിപ്പുകൾ കണ്ടെത്തിയിട്ടുണ്ടെന്നും എവിടെയെല്ലാമെന്നും വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുരാവസ്തു വകുപ്പ് കണ്ടെത്തിയ പുരാവസ്തു അവശേഷിപ്പുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വീയൂർ വില്ലേജിൽ കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ നിന്ന് മഹാശിലായുഗ ശവസംസ്കാര സ്മാരകങ്ങളിൽ അപൂർവ്വമായി കാണപ്പെടുന്ന സർക്കോഫാഗസ് ലഭിക്കുകയുണ്ടായി. കൂടാതെ 86 അർദ്ധമൂല്യ കന്മുത്തുകളും |

| | | | |
|---|---|---|---|
| | | | 12 ഇരുമ്പ് ഉപകരണങ്ങളും ഈ ചെങ്കൽ ഗുഹയിൽ നിന്ന് ലഭിച്ചു.<br><br>2. കോഴിക്കോട് ജില്ലയിലെ ചേളന്നൂർ വില്ലേജിൽ ഇച്ചന്നൂർ എ.യു.പി.സ്കൂളിനു സമീപത്തു വെളിപ്പെട്ട ചെങ്കൽ ഗുഹയിൽ നടത്തിയ ശാസ്ത്രീയപരിശോധനയിൽ അപൂർവ്വ ഇനത്തിൽപെട്ട കൽക്കൊളുത്ത് കണ്ടെത്തുക യുണ്ടായി.<br><br>3. കണ്ണൂർ ജില്ലയിലെ മാവിലായി വില്ലജിലെ പൊതുവാച്ചേരി എന്ന സ്ഥലത്തെ ചെമ്മൺപാതയിൽ കണ്ടെത്തിയ ചെങ്കൽ ഗുഹയിൽ നിന്ന് മൺപാത്രങ്ങളും ഇരുമ്പുപകരണങ്ങളും അസ്ഥിശകലങ്ങളും ലഭിക്കുകയുണ്ടായി.<br><br>4. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ മാണിയൂർ വില്ലേജിൽ ഉൾപ്പെടുന്ന കരിമ്പം കരയിൽ ജെ.സി.ബി ഉപയോഗിച്ച് മണ്ണ് നീക്കുമ്പോൾ വെളിപ്പെട്ട നന്നങ്ങാടികൾ ശാസ്ത്രീയപരിശോധനയ്ക്ക് വിധേയമാക്കി നീക്കം ചെയ്തു. ഇവ പൂർണ്ണമായും തകർന്നുപോയ നിലയിലായിരുന്നു.<br><br>5. തൃശ്ശൂർ ജില്ലയിലെ കോലഴി പഞ്ചായത്തിൽ പോട്ടോർ വില്ലേജിൽ പൂർണ്ണമായും തകർന്ന നിലയിൽ കണ്ടെത്തിയ നന്നങ്ങാടി ശാസ്ത്രീയ പരിശോധന നടത്തി നീക്കം ചെയ്തു.<br><br>6. കോഴിക്കോട് ജില്ലയിലെ ഫറോക്ക് നല്ലൂർ എൽ.പി.സ്കൂൾ വളപ്പിൽ കണ്ടെത്തിയ നന്നങ്ങാടി പരിശോധിച്ചതിൽ മൺകോപ്പകൾ, അസ്ഥിയുടെ അവശിഷ്ടങ്ങൾ, ഇരുമ്പു പകരണങ്ങൾ എന്നിവ ലഭിക്കുകയുണ്ടായി.<br><br>7. 2018 ലെ പ്രളയത്തിൽ പമ്പാനദിയുടെ മൺതിട്ട ഇടിഞ്ഞുപോയപ്പോൾ ആറൻമുള, കോഴിപ്പാലത്ത് വെളിപ്പെട്ട കളിമൺ ശിൽപങ്ങൾ വകുപ്പ് പരിശോധിച്ച് നീക്കം ചെയ്തു. പൂർണ്ണതയുള്ള ശില്പങ്ങളും, ശില്പ ഭാഗങ്ങളും ഉൾപ്പെടെ കളിമണ്ണിൽ തീർത്ത അഞ്ഞൂറോളം വസ്തുക്കളാണ് ഇവിടെനിന്നും ലഭ്യമായത്.<br><br>8. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം വില്ലേജിൽ പിലാശ്ശേരി കോയക്കാട് എന്ന സ്ഥലത്തു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് വെളിപ്പെട്ട നന്നങ്ങാടിയിൽ നിന്ന് 9 മൺ |

| | | | |
|---|---|---|---|
| | | | പാത്രങ്ങളും ഇരുമ്പിൽ തീർത്ത 2 ഉളികളും ലഭിക്കുകയുണ്ടായി.<br><br>9. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ വെള്ളിലാപ്പിള്ളി വില്ലേജിലെ കൊണ്ടാട്ടു കരയിൽ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് മണ്ണു നീക്കുമ്പോൾ കണ്ടെത്തിയ ബുദ്ധ പ്രതിമയുടേത് എന്നു കരുതുന്ന പ്രതിമയുടെ ശിരോഭാഗം ഏറ്റെടുക്കുകയുണ്ടായി.<br><br>10. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ ചവറ തെക്കുഭാഗം വില്ലേജിലെ മാലിഭാഗം മുറിയിൽ ഐക്കര തെക്കേതിൽ മഴക്കുഴി നിർമ്മിക്കുന്നതിനിടെ വെളിപ്പെട്ട 2 ശിലാവിഗ്രഹങ്ങൾ ഏറ്റെടുക്കുകയുണ്ടായി.<br><br>11. കണ്ണൂർ ജില്ലയിലെ പരിയാരം ചെറുതാഴം അംശം മുണ്ടൂർ എന്ന സ്ഥലത്ത് കോക്കോട് പാറമ്മൽ തറവാട്ടു വളപ്പിൽ കൃഷിയാവശ്യത്തിനു കുഴിച്ചപ്പോൾ ലഭ്യമായ 266 ബ്രിട്ടിഷ് ഇന്ത്യാ വെള്ളി നാണയങ്ങൾ ഏറ്റെടുത്തു.<br><br>12. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ വെള്ളൂർ വില്ലേജിൽ തിരുപ്പാൽക്കടൽ ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിനു സമീപത്തുള്ള കൃഷിസ്ഥലത്തു മണ്ണിളക്കുമ്പോൾ വെളിപ്പെട്ട 2595 ചെമ്പ് നാണയങ്ങൾ ഏറ്റെടുത്തു. |

സെക്ഷൻ ഓഫീസർ